പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 207

14.06.2019 - ൽ മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ഒ. ആർ. കേളു | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സാമൂഹ്യ പിന്നാക്കാവസ്ഥ മാറ്റുന്നതിനുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തികോന്നമനവും അതുവഴി സാമൂഹിക പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണലും ഉദ്ദേശ്യ ലക്ഷ്യങ്ങളാക്കി പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ നേതൃത്വത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ടി സംഘങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി വായ്പകൾ നൽകൽ, ചിട്ടി മുതലായ സമ്പാദ്യ പദ്ധതികൾ നടത്തൽ, വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുക, കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുക, കമ്പ്യൂട്ടർ പരിശീലനം നൽകുക, ആയുർവേദ ഔഷധ നിർമ്മാണം, പെട്രോൾ പമ്പ് നടത്തൽ, വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തൽ മുതലായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| ബി) | സംസ്ഥാനത്ത് ആകെ എത്ര പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ ഉണ്ടെന്നും എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നെന്നും അറിയിക്കാമോ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള മുന്നൂറ് സഹകരണസംഘങ്ങളെ പുനരുദ്ധരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാനുള്ള | ബി) | 2018 ലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട 829 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുണ്ടെങ്കിലും, ഇവയിൽ 419 എണ്ണം മാത്രമേ പ്രവർത്തിക്കുന്നതായുള്ളൂ. ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത് 9 സംഘങ്ങൾ മാത്രമാണ്. ബാക്കിയുള്ളവ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന 9 സംഘങ്ങളേയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയിൽ 300 സംഘങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതിയാണ് 'പുനർജ്ജനി' |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | | |
| സി) | ഇത്തരം സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷനായ എസ്.സി - എസ്.റ്റി ഫെഡറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | സി) | കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എസ്.സി/എസ്.റ്റി ഫെഡറേഷന് വിവിധ തരത്തിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളും, സഹകരണ വകുപ്പും ധനസഹായങ്ങൾ നൽകിവരുന്നു. 2016-17, 2017-18, 2018-19 വർഷങ്ങളിൽ സഹകരണ വകുപ്പിൽ നിന്നും എസ്.സി/എസ്.റ്റി ഫെഡറേഷന് മൊത്തം 444 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.<br>ടി ഫെഡറേഷന്റെ ആഡിറ്റ് ഇപ്പോൾ സഹകരണ വകുപ്പ് സൗജന്യമായാണ് നടത്തുന്നത്. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ബിസിനസ്സ് മാനേജർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.<br>എസ്.സി/എസ്.റ്റി ഫെഡറേഷനെ ലാഭകരമാക്കുന്നതിന്, ഫെഡറേഷന്റെ പ്രവർത്തന മേഖലകൾ വിപുലീകരിക്കുന്നതിന് ഫെഡറേഷന്റെ മാനേജ്മെന്റ് നടപടികളെടുത്തുവരുന്നു. എസ്.സി/എസ്.റ്റി ഫെഡറേഷന്റെ ആയുർവേദ മരുന്ന് ഉത്പാദന യൂണിറ്റായ ആയുർധാരയിലെ ഉത്പാദനവും, തിരുവനന്തപുരത്ത് പേരൂർക്കടയിലുള്ള പെട്രോൾ പമ്പിലെ ഇന്ധന വ്യാപാരവും, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലൂടെ സംഭരിക്കുന്ന ചെറുകിട വനവിഭവങ്ങളുടെ വിപണനവും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ